## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2199    18.12.2012 ലെ മറുപടിക്ക്

### ട്രെയിൻ യാത്രക്കാരായ വനിതകൾക്ക് സുരക്ഷ ഉറപ്പാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ :<br>,, പി. കെ. ബഷീർ :<br>, , സി .മമ്മൂട്ടി :<br>,, കെ. എം. ഷാജി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്കായി എന്ത് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്കായി സംസ്ഥാന ഗവൺമെന്റ് 691 പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇതിൽ 30 വനിതാ പോലീസുകാരും ഉൾപ്പെടുന്നു. യാത്രക്കാർക്ക് എതിരെയുള്ള അക്രമവും പീഢനവും കണക്കിലെടുത്ത് വനിതകൾ അടക്കമുള്ള കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പ്ലാറ്റ്ഫോമിൽ ഡ്യൂട്ടിയിലുള്ള പോലീസുദ്യോഗസ്ഥർ ട്രെയിൻ നിർത്തുന്ന അവസരത്തിൽ ലേഡീസ് കമ്പാർട്ട്മെന്റിന് അരികിൽ എത്തി വിവരങ്ങൾ അന്വേഷിച്ച് വരുന്നു. ഇതിനു പുറമെ റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ നിലവിലുള്ള റെയിൽ അലർട്ട് 9846200100, 9846200150,9846200180 എന്നീ നമ്പരുകളിൽ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്ന കൺട്രോൾ റൂമിൽ ട്രെയിനുകളിൽ യാത്ര ചെയ്യുന്നവരുടെ ബുദ്ധിമുട്ടുകൾ അറിയിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | വനിതകൾ യാത്രയ്ക്കിടയിൽ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മദ്യപിച്ച യാത്രക്കാരാണ് ഇത്തരം സംഭവങ്ങൾക്ക് കാരണക്കാരാകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിക്കുന്നുണ്ട്; | (സി) | മദ്യപിച്ച ആൾക്കാരും ഉൾപ്പെട്ട കേസുകൾ ഉണ്ടായിട്ടുണ്ട്. അവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കുറ്റകൃത്യങ്ങളിൽ റെയിൽവേ ജീവനക്കാർക്ക് പങ്കുള്ളതായ ആരോപണങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ പരിധിയിൽ എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | ഉണ്ട്. ചില കുറ്റകൃത്യങ്ങളിൽ റെയിവേ ജീവനക്കാരും പ്രതിയായിട്ടുണ്ട്. അവർക്കെതിരെയും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ